Deivarajyam August 2015
● R.N.7623/63
Registered No. KL/ALY/0020/2014-2016 ● R.N. 7623/1963
Date of publication: 1/7/2015
● Posted at Thodupuzha Stg.
Annual Subscription ₹ 100.00

EPARCHY OF KOTHAMANGALAM

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ

LOVE NEVER ENDS



Printed at Sanjo Offset Press, Kothamangalam
Editor, Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691

വാല്യം 54
ആഗസ്റ്റ് 2015
ലക്കം 8





സത്ന രൂപതയുടെ നിയുക്തമെത്രാൻ
അഭിവന്ദ്യ മാർ ജോസഫ് കൊടകല്ലിൽ പിതാവിന്
കോതമംഗലം രൂപതാകുടുംബത്തിന്റെ
അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും...!



# ദൈവരാജ്യം

OFFICIAL ORGAN OF THE EPARCHY OF KOTHAMANGALAM

Vol. LIV No. 8 August 2015

O.1050/2015

## എപ്പാർക്കിയൽ അസംബ്ലി – 2015
## നിർദ്ദേശങ്ങൾ പ്രസിദ്ധപ്പെടുത്തുന്ന ഡിക്രി

ദൈവകൃപയാൽ

കോതമംഗലം രൂപതയുടെ മെത്രാനായ

**മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**

നമ്മുടെ രൂപതയിലെ വൈദികസഹോദരന്മാർക്കും

സന്യാസിനീസന്യാസികൾക്കും

അല്മായ വിശ്വാസികൾക്കും എഴുതുന്നത്.

മിശിഹായിൽ ഏവർക്കും കൃപയും സമാധാനവും.

വന്ദ്യ സഹോദരരേ, പ്രിയ മക്കളെ,

ദൈവകൃപയുടെ അനുഭവം ഉണർത്തിക്കൊണ്ട് രൂപതയിലെ രണ്ടാമത്തെ എപ്പാർക്കിയൽ അസംബ്ലി 2015 ജൂലൈ 19 മുതൽ 23 വരെ മൂവാറ്റുപുഴ NESTT-ൽ നടന്നു. അസംബ്ലിയുടെ ഒരു വർഷം നീണ്ട ഒരുക്കത്തിന്റെ കാലത്തെന്നതുപോലെതന്നെ അസംബ്ലി നടന്ന ദിവസങ്ങളിലും ദൈവപരിപാലനയുടെ ശക്തമായ കരങ്ങൾ നമ്മെ നയിക്കുകയായിരുന്നു. "ദൈവം നോക്കിക്കാണുന്നതുപോലെ നമ്മെത്തന്നെ കാണുവാനും സത്യസന്ധമായി വിലയിരുത്തുവാനും കുറവുകളെ പരിഹരിക്കുവാനും നന്മകളെ വളർത്തുവാനും സഹായിക്കണമെ" എന്ന ഒരുവർഷം നീണ്ട പ്രാർത്ഥന സ്വർഗ്ഗത്തിലും ഭൂമിയിലും



ഒരുപോലെ ഉണർത്തിയ അലയടികൾ നെഞ്ചിലേറ്റുവാങ്ങി ദൈവതിരുമനസ്സിനുമുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്ത് ദൈവസ്വരം ശ്രവിക്കുവാൻ ഒരുങ്ങിയെത്തിയ 152 പേർ ചർച്ചകളിലൂടെയും വിചിന്തനങ്ങളിലൂടെയും പാരസ്പര്യത്തിന്റെ നിറവിൽ രൂപപ്പെടുത്തിയ 19 കർമ്മപരിപാടികളാണ് 'വിഷൻ 2020' എന്ന പേരിൽ എപ്പാർക്കിയൽ അസംബ്ലിയുടെ നിർദ്ദേശങ്ങളായി അവതരിപ്പിച്ചിട്ടുള്ളത്.

എപ്പാർക്കിയൽ അസംബ്ലിയുടെ അജണ്ട തീരുമാനിക്കുന്നതിന് സർവ്വേ നടത്തിയതും, അല്മായരുടെയും സിസ്റ്റേഴ്സിന്റെയും വൈദികരുടെയും യോഗങ്ങൾ വിളിച്ചുകൂട്ടി സർവ്വേയുടെ ഫലം പ്രസിദ്ധപ്പെടുത്തി ചർച്ചകൾ നടത്തി അജണ്ട തീരുമാനിച്ചതും സംബന്ധിച്ച കാര്യങ്ങൾ മുമ്പ് അറിയിച്ചിരുന്നുവല്ലോ. പ്രധാനമായും നാല് വിഷയങ്ങളാണ് എപ്പാർക്കിയൽ അസംബ്ലിയുടെ വിശദമായ പഠനത്തിനും വിചിന്തനത്തിനുമായി തിരഞ്ഞെടുത്തത്. "ആചാരാനുഷ്ഠാനങ്ങളിൽ ഒതുങ്ങിനില്ക്കാത്ത, സുവിശേഷമൂല്യങ്ങളിൽ അടിയുറച്ച ജീവിതബന്ധിയായ ആദ്ധ്യാത്മികത പരിപോഷിപ്പിക്കുക" എന്ന ആശയമായിരുന്നു ഈ വിഷയങ്ങളുടെയെല്ലാം അടിസ്ഥാനമായി നിലകൊണ്ടത്. മൂല്യാധിഷ്ഠിത ആദ്ധ്യാത്മികത, പാവങ്ങളുടെയും പാർശ്വവല്ക്കരിക്കപ്പെട്ടവരുടെയും ശാക്തീകരണം, കുടുംബങ്ങളുടെ ശാക്തീകരണം, വിശ്വാസപരിശീലനവും ക്രിസ്തീയ ജീവിതസാക്ഷ്യവും എന്നിവയായിരുന്നു തിരഞ്ഞെടുത്ത നാല് വിഷയങ്ങൾ. വേണ്ടത്ര ഒരുക്കത്തോടെ ചിട്ടയായും സമയബന്ധിതമായും ഈ വിഷയങ്ങൾ അസംബ്ലിയിൽ അവതരിപ്പിച്ചവരെയും പ്രതികരണങ്ങളിലൂടെ വിഷയത്തിന്റെ വ്യത്യസ്തവശങ്ങളെക്കുറിച്ച് പരാമർശിച്ചവരെയും തുറന്ന ചർച്ചകളിലൂടെയും അഭിപ്രായപ്രകടനങ്ങളിലൂടെയും ആശയരൂപീകരണം നടത്തി വിഷയത്തിന്റെ ആഴങ്ങളിലേക്ക് കടന്നുചെന്ന് കർമ്മപദ്ധതികൾ രൂപപ്പെടുത്തുവാൻ സഹായിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. വിഷൻ 2020 എന്നപേരിൽ ഈ അസംബ്ലിയിൽ രൂപപ്പെടുത്തിയ ലക്ഷ്യങ്ങളും കർമ്മ പദ്ധതികളും വിഭാവനം ചെയ്യുന്നത് 'നീതിയിലും വിശുദ്ധിയിലും കുടുംബങ്ങൾ ഒന്നുചേർന്ന് സ്നേഹസമൂഹമായി, ദരിദ്രർക്ക് സദ്വാർത്തയായി, യേശുവിന് സാക്ഷ്യമായി മുന്നേറുന്ന രൂപതാസമൂഹ'ത്തെ വാർത്തെടുക്കുക എന്നതാണ്. ഈ ലക്ഷ്യങ്ങളും കർമ്മ പദ്ധതികളും താഴെ പറയുന്നവയാണ്:

## ലക്ഷ്യം 1
## മൂല്യാധിഷ്ഠിത ആദ്ധ്യാത്മികത

**കർമ്മപരിപാടികൾ**

1. ഇടവകയുടെയും ഇടവകാംഗങ്ങളുടെയും ആഘോഷങ്ങളിലും നിർമ്മാണപ്രവർത്തനങ്ങളിലും മിതത്വം പാലിച്ച് സ്വരൂപിക്കുന്ന തുക ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി വിനിയോഗിച്ച് സാമൂഹ്യനീതിനിർവ്വഹണത്തിൽ പങ്കുചേരുക.
2. രൂപതയുടെയും രൂപതയിലെ സ്ഥാപനങ്ങളുടെയും ഇടവകകളുടെയും സാമ്പത്തിക ഇടപാടുകളിൽ സത്യസന്ധതയും സുതാര്യതയും ഉറപ്പാക്കാൻ വേണ്ട നടപടികൾ രൂപീകരിച്ച് പ്രാവർത്തികമാക്കുക.
3. പ്രതിസന്ധികളിലൂടെ കടന്നുപോകുന്നവർക്ക് സഹായഹസ്തം നീട്ടിക്കൊടുക്കാൻ രൂപതയിൽ ഒരു കൗൺസിലിംഗ് & സ്പിരിച്വാലിറ്റി സെന്റർ സ്ഥാപിക്കുക. ആവശ്യമെങ്കിൽ ക്രമേണ ഇതിനോടനുബന്ധിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ഹെല്പ് ലൈൻ സജ്ജമാക്കുക.
4. രൂപതയിലെ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്കും പ്രവേശനങ്ങൾക്കുമുള്ള മാനദണ്ഡങ്ങൾ കാലോചിതമായി പരിഷ്കരിച്ച് പ്രസിദ്ധപ്പെടുത്തുക.
5. മൂല്യാധിഷ്ഠിത ആദ്ധ്യാത്മികതയെക്കുറിച്ച് അവബോധം വളർത്തുവാൻ ധ്യാനങ്ങളും സെമിനാറുകളും നടത്തുന്നതിന് രൂപതാതലത്തിൽ ഒരു റിസോഴ്സ് ടീം രൂപീകരിക്കുകയും ഈ ടീമിന്റെ നേതൃത്വത്തിൽ 2020-ന് മുമ്പായി എല്ലാ ഇടവകകളിലും ഹോം മിഷൻ സംഘടിപ്പിക്കുകയും ചെയ്യുക.

## ലക്ഷ്യം 2
## പാവങ്ങളുടെയും പാർശ്വവത്ക്കരിക്കപ്പെട്ടവരുടെയും ശാക്തീകരണം

**കർമ്മപരിപാടികൾ**

1. രൂപതയും രൂപതാസ്ഥാപനങ്ങളും ഇടവകകളും വരുമാനത്തിന്റെ പത്തു ശതമാനം സമാഹരിച്ച് രൂപത/സ്ഥാപന/ഇടവക തലങ്ങളിൽ ഒരു ചാരിറ്റി ഫണ്ട് രൂപീകരിക്കുക. ഇടവകയിലെ തിരുനാൾ



ആഘോഷങ്ങൾക്കായി ചെലവഴിക്കുന്ന തുകയുടെ 10 ശതമാനവും ഇടവകാംഗങ്ങളുടെ വിവിധ ആഘോഷങ്ങൾ ലളിതമാക്കുന്നതിന്റെ വിഹിതവും സുമനസ്സുകളുടെ സംഭാവനകളും ഇടവകതലത്തിലുള്ള ചാരിറ്റി ഫണ്ടിനായി സമാഹരിക്കാവുന്നതാണ്.
2. ഭവനപദ്ധതി: ഇടവകാതിർത്തിയിൽ പാർപ്പിടമില്ലാത്തവർക്കുവേണ്ടി ഒരു വീടെങ്കിലും ഇടവകയുടെ നേതൃത്വത്തിൽ എല്ലാ വർഷവും നിർമ്മിച്ചു നല്കുക. (ഇതിന് സാധിക്കാത്ത തീരെ ചെറിയ ഇടവകകൾ അർഹരായവർക്ക് വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തിക്കൊടുക്കുക.) ആവശ്യമെങ്കിൽ ഇടവകയിലെ ചാരിറ്റി ഫണ്ടിൽ നിന്നും 25 ശതമാനത്തിൽ കൂടാത്ത തുക ഇതിനായി ഉപയോഗിക്കാവുന്നതാണ്. രൂപതാതലത്തിലുള്ള ചാരിറ്റി ഫണ്ടും ഗവൺമെന്റ് പദ്ധതികളും ഇതിനായി പ്രയോജനപ്പെടുത്താം.
3. ഹെൽപ്പ് ഡസ്ക്: പൊതുജനങ്ങൾക്കുവേണ്ടിയുള്ള ഗവൺമെന്റ് പദ്ധതികൾ ഉപയോഗപ്പെടുത്തുവാൻ സഹായങ്ങൾ നല്കുന്ന ഹെൽപ്പ് ഡസ്ക് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ സ്ഥാപിക്കുക.
4. രൂപതയുടെ ആഭിമുഖ്യത്തിൽ സിവിൽ സർവ്വീസ്, പി. എസ്. സി. കോച്ചിംഗ് സെന്റർ ആരംഭിക്കുക.

## ലക്ഷ്യം 3
## കുടുംബങ്ങളുടെ ശാക്തീകരണം

**കർമ്മപരിപാടികൾ**

1. പോസ്റ്റ് മാര്യേജ് കോഴ്സുകൾ (Post-Marriage Courses) രൂപതാതലത്തിലും ദമ്പതീ ധ്യാനങ്ങൾ ഇടവകതലത്തിലും കൃത്യമായ ഇടവേളകളിൽ നടത്തുക.
2. ഫാമിലി കൗൺസലിംഗ് സെന്റർ (with qualified resource persons) രൂപതാതലത്തിൽ ആരംഭിക്കുക.
3. രൂപതാതലത്തിൽ ഡീ അഡിക്ഷൻ റിസോഴ്സ് ടീം (De-addiction Resource Team) രൂപപ്പെടുത്തി ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക.
4. സോഷ്യൽ മീഡിയായുടെ ദുരുപയോഗംമൂലം ഉണ്ടാകുന്ന ദോഷഫലങ്ങളെക്കുറിച്ച് കുട്ടികളെയും യുവജനങ്ങളെയും രക്ഷാകർത്താക്കളെയും ബോധവത്കരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.

5. കുടുംബക്കൂട്ടായ്മകളെ പ്രാർത്ഥനക്കൊപ്പം ജീവിതമൂല്യങ്ങളെപ്പറ്റിയും ആനുകാലിക പ്രശ്നങ്ങളെപ്പറ്റിയുമുള്ള തുറന്ന ചർച്ചകൾക്കും അനുബന്ധപ്രവർത്തനങ്ങൾക്കും വേദിയാക്കുക.

**ലക്ഷ്യം 4**

## വിശ്വാസപരിശീലനവും ക്രിസ്തീയ ജീവിതസാക്ഷ്യവും

**കർമ്മപരിപാടികൾ**

1. വിശ്വാസപരിശീലകർക്ക് വിദഗ്ദ്ധപരിശീലനം നല്കുവാനുള്ള ക്രമീകരണങ്ങൾ ചെയ്യുക.
2. ആധുനിക മാധ്യമങ്ങൾ ഉപയോഗിച്ച് വിശ്വാസപരിശീലനം കൂടുതൽ ആകർഷകമാക്കുവാൻ ശ്രമിക്കുക. അതിനുവേണ്ട ക്രമീകരണങ്ങൾ ഐ.റ്റി. മിഷന്റെ നേതൃത്വത്തിൽ നടത്തുക.
3. രൂപത അംഗീകരിച്ച സംഘടനകളെയും പ്രസ്ഥാനങ്ങളെയും, പ്രത്യേകിച്ച് യുവജനസംഘടനകളെ, ശക്തിപ്പെടുത്തുക. അവർക്ക് കാര്യക്ഷമമായി പ്രവർത്തിക്കാൻ വേണ്ട സാമ്പത്തികസഹായം ലഭ്യമാക്കുക.
4. കുട്ടികൾക്കായി ബൈബിൾ നേഴ്സറി ആരംഭിക്കുക.
5. പി.റ്റി.എ യിലൂടെ വിശ്വാസപരിശീലനത്തിൽ മാതാപിതാക്കളുടെ പങ്ക് ഉറപ്പുവരുത്തുക.

സമഗ്രമായ കർമ്മപരിപാടികളാണ് എപ്പാർക്കിയൽ അസംബ്ലിയിൽ ആവിഷ്കരിച്ചിട്ടുള്ളത് എന്ന് അവകാശപ്പെടുന്നില്ലെങ്കിലും ഇത് ദൈവജനത്തിന്റെ പങ്കാളിത്തത്തോടെ രൂപപ്പെടുത്തിയതാണ് എന്ന് പറയുന്നതിൽ എനിക്ക് സന്തോഷമുണ്ട്. രൂപതയുടെ അജപാലന ദൗത്യം ഏറ്റെടുത്തിരിക്കുന്ന രൂപതാദ്ധ്യക്ഷൻ മുതൽ ഈ ദൗത്യത്തിൽ സഹകാരികളായ ബഹു. വൈദികരും, സന്യസ്തരും, എല്ലാ അല്മായ വിശ്വാസികളും ഒന്നുപോലെ ഹൃദയത്തിലേറ്റി പൂർത്തീകരിക്കേണ്ട ലക്ഷ്യങ്ങളാണിവ. വരുന്ന അഞ്ചുവർഷങ്ങൾക്കുള്ളിൽ സമയബന്ധിതമായി ഈ കർമ്മപരിപാടികൾ നടപ്പിലാക്കുന്നതിന് നിങ്ങളേവരുടെയും ആത്മാർത്ഥമായ സഹകരണം അഭ്യർത്ഥിക്കുകയാണ്. ലക്ഷ്യബോധത്തോടും നിശ്ചയദാർഢ്യത്തോടുംകൂടി നീങ്ങിയാൽ മാത്രമേ ഈ പരിപാടികൾ അവയുടെ വിശദാംശങ്ങൾ രൂപപ്പെടുത്തി നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ എന്ന കാര്യം പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ. അസംബ്ലിയുടെ ചർച്ചകളിലും, നേരിട്ടും കത്തുകളിലൂടെയും ലഭിച്ച അഭിപ്രായപ്രകടനങ്ങളിലും ഉയർന്നുവന്ന പല നിർദ്ദേശങ്ങളും



ഈ കർമ്മപരിപാടികളിൽ ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. എങ്കിലും അസംബ്ലിയിലൂടെ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾക്ക് മുൻഗണന കൊടുത്ത് നടപ്പിലാക്കുവാൻ ശ്രമിക്കുന്നതോടൊപ്പം ക്രമേണ മറ്റ് ലക്ഷ്യങ്ങളുംപൂർത്തീകരിക്കുവാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം.

അസംബ്ലിയിൽ പങ്കെടുത്ത എല്ലാവർക്കും വലിയ കൃപയുടെ അനുഭവമായിരുന്നു എന്ന് ആദ്യം സൂചിപ്പിച്ചുവല്ലോ. ദൈവജനം മുഴുവന്റെയും ഹൃദയപൂർവ്വകമായ പ്രാർത്ഥന അസംബ്ലിയുടെ ഇതുവരെയുള്ള ഘട്ടങ്ങൾ വിജയകരമായി പൂർത്തിയാക്കുന്നതിന് സഹായിച്ചു എന്ന കാര്യം നന്ദിയോടെ അനുസ്മരിക്കുകയാണ്. അസംബ്ലിയ്ക്ക് ഒരുക്കമായും അസംബ്ലി നടന്ന ദിവസങ്ങളിലും പ്രത്യേകം പ്രാർത്ഥനകളും നാം നടത്തുകയുണ്ടായി. ഈ പ്രാർത്ഥന ഇനിയും തുടരേണ്ടതുണ്ട്. 'നീതിയിലും വിശുദ്ധിയിലും കുടുംബങ്ങൾ ഒന്നുചേർന്ന് സ്നേഹസമൂഹമായി, ദരിദ്രർക്ക് സദ്വാർത്തയായി, യേശുവിന് സാക്ഷികളായി മുന്നേറുന്ന രൂപതാസമൂഹം എന്ന സ്വപ്നം സാക്ഷാത്കരിക്കുവാൻ സഹായിക്കണമെ കർത്താവേ' എന്ന പ്രാർത്ഥന ദിവ്യബലിയിലും കുടുംബപ്രാർത്ഥനകളിലും വ്യക്തിപരമായ പ്രാർത്ഥനകളിലും നമുക്ക് കൂട്ടിച്ചേർക്കാം. നമ്മുടെ എല്ലാ ആഗ്രഹങ്ങളും അതിനായുള്ള പരിശ്രമങ്ങളും ദൈവകൃപയ്ക്ക് ഭരമേല്പിക്കാം. "എന്നിലുള്ള ദൈവകൃപ നിഷ്ഫലമായിപ്പോയിട്ടില്ല" (1 കോറി. 15:10) എന്ന് വി. പൗലോസ് ശ്ലീഹായോടൊപ്പം ആത്മവിശ്വാസത്തോടെ പറയുവാൻ നമുക്കും സാധിക്കട്ടെ. "ഞാൻ എന്തായിരിക്കുന്നുവോ അത് ദൈവകൃപയാലാണ്" എന്നും "ഞാനല്ല എന്നിലുള്ള ദൈവകൃപയാണ് അദ്ധ്വാനിച്ചത്" എന്നും ഏറ്റുപറഞ്ഞ് സർവ്വമഹത്വവും ദൈവപിതാവിന് സമർപ്പിക്കാം.

അസംബ്ലിയിൽ നടന്ന കാര്യങ്ങൾ ഉൾച്ചേർത്ത് "കോതമംഗലം രൂപത, വിഷൻ 2020" എന്ന പേരിൽ അച്ചടിച്ച ഒരു പത്രവും പ്രാർത്ഥനാകാർഡും എല്ലാ വീടുകളിലും എത്തിക്കുന്നതാണ്. അസംബ്ലിയുടെ നിർദ്ദേശങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ വരുംമാസങ്ങളിലെ ദൈവരാജ്യത്തിലൂടെ അറിയിക്കുന്നതുമാണ്.

നമ്മുടെ ഉദ്യമങ്ങളെയെല്ലാം പരിശുദ്ധ അമ്മയുടെ വിമലഹൃദയത്തിന് സമർപ്പിച്ചുകൊണ്ട് പിതാവിന്റെയും ✠ പുത്രന്റെയും പരിശു

ദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെയോരോരുത്തരെയും ഞാൻ ഹൃദയപൂർവം ആശീർവദിക്കുന്നു.

എന്ന്,

കോതമംഗലം മെത്രാസനമന്ദിരത്തിൽ നിന്ന്
**മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ**
കോതമംഗലം രൂപതാദ്ധ്യക്ഷൻ

**N.B.** 2015 ആഗസ്റ്റ് 9-ാം തീയതി നമ്മുടെ എല്ലാ ദൈവാലയങ്ങളിലും, അന്നേ ദിവസം ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ഈ സർക്കുലർ വായിക്കേണ്ടതാണ്.

Ref: 2860/K-5/KCBC/OL/DS 30.6.2015

## 2015 ആഗസ്റ്റ് 9 ഞായർ തടവറ പ്രേഷിത ദിനം

കെസിബിസി ജസ്റ്റീസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റി നടത്തുന്ന തടവറ പ്രേഷിതപ്രവർത്തനത്തിൽ സഭാമക്കൾ പങ്കുചേരുകയെന്ന ആവശ്യകതയെക്കുറിച്ച് പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

തടവുകാർക്ക് മോചനത്തിനായി അവനെന്നെ അയച്ചിരിക്കുന്നു (ഏശ 61:1). ഏശയ്യായുടെ പുസ്തകത്തിൽ നിന്നുള്ള ഈ ഭാഗം ഉദ്ധരിച്ചുകൊണ്ടാണ് യേശു തന്റെ പരസ്യദൗത്യം ആരംഭിക്കുന്നത് (ലൂക്ക 4:18). തടവറയിൽ കഴിയുന്ന മക്കളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന യേശുവിനെ സുവിശേഷത്തിൽ നാം കാണുന്നു. തന്റെ അവസാന 18 മണിക്കൂറുകൾ യേശു ചെലവഴിച്ചത് തടവറയിലായിരുന്നു. ഒരു കുറ്റവാളിയെന്ന വിധിയും കുരിശുമരണവുമാണ് അവിടത്തെ കാത്തിരുന്നത്. മഹനീയനായ കുറ്റവാളിയാണ് യേശു. പരിശുദ്ധനായ കുറ്റവാളി. അവിടന്ന് കാരഗൃഹത്തിലടയ്ക്കപ്പെട്ടപ്പോൾ പാപാന്ധകാരത്തിന്റെ തടവറയിൽ നിന്ന് മനുഷ്യവംശം മോചനം നേടി. കുറ്റവാളിയായി അവൻ മരിച്ചതിനാൽ നമ്മൾ കുറ്റവിമുക്തരായി. നമ്മുടെ നീതിമത്കരണത്തിനായി പാപമില്ലാത്തവനെ ദൈവം പാപമാക്കി (2 കോറി 5:21) എന്ന തിരുവെഴുത്ത് അങ്ങനെ നിറവേറി.

2015 ആഗസ്റ്റ് മാസം 9-ാം തീയതി ഞായറാഴ്ച കേരള കത്തോലിക്കാസഭ തടവറ പ്രേഷിതദിനമായി ആചരിക്കുകയാണ്. സഹതടവു



കാരനു പകരമായി തന്റെ ജീവൻ നല്കി രക്തസാക്ഷിത്വമകുടം ചൂടിയ വിശുദ്ധ മാക്സിമില്യൻ മരിയ കോൾബേയാണ് തടവറ പ്രേഷിത പ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥൻ. ഈ വിശുദ്ധന്റെ തിരുനാൾ ദിനമായ ആഗസ്റ്റ് 14-ന് മുമ്പ് വരുന്ന ഞായറാഴ്ചയാണ് തടവറ പ്രേഷിത ദിനമായി കേരളസഭ കൊണ്ടാടുന്നത്. മാതൃഭക്തി പ്രചരിപ്പിക്കാൻ ഈ വിശുദ്ധൻ കേരളം സന്ദർശിച്ച് എറണാകുളം, വരാപ്പുഴ രൂപതകളിൽ അഭിവന്ദ്യ പിതാക്കന്മാരുടെ അതിഥിയായി താമസിച്ചിരുന്നുവെന്നത് ഈ വിശുദ്ധനെ കേരളത്തിന് പ്രിയപ്പെട്ടവനാക്കുന്ന കാര്യമാണ്.

സാംസ്കാരിക കേരളമെന്ന് നാം അഭിമാനിക്കുന്ന ദൈവത്തിന്റെ സ്വന്തം നാട് കുറ്റകൃത്യങ്ങളുടെ നാടായി മാറിയിരിക്കുന്നു. 57 ജയിലുകളിലായി 7500-ൽപ്പരം ആളുകൾ തടവറയിൽ കഴിയുന്നു. ഏറ്റവും കൂടുതൽ സാക്ഷരത അവകാശപ്പെടുന്ന കൊച്ചുകേരളത്തിലാണ് ഏറ്റവും കൂടതൽ കുറ്റകൃത്യങ്ങൾ നടക്കുന്നതെന്ന് ദേശീയ കുറ്റകൃത്യ റിക്കോഡ് ബ്യൂറോ (NCRB) കണക്കുകളിൽ നിന്നു വ്യക്തമാണ്. ഇന്ത്യയിലെ ഏറ്റവും അപകടകരമായ നഗരം കൊച്ചിയാണ്. 2012-ലെ കുറ്റകൃത്യാനുപാതം അനുസരിച്ച് (കുറ്റകൃത്യാനുപാതം കണക്കാക്കുന്നത് ഒരു ലക്ഷത്തിലാണ്) കേരളത്തിൽ 455.4 ആണ് കുറ്റകൃത്യങ്ങൾ. ഇത് ദേശീയ ശരാശരിയുടെ ഇരട്ടിയിലധികമാണ്. രണ്ടാം സ്ഥാനത്തുള്ള മധ്യപ്രദേശിൽ ഇത് 187.6 മാത്രമാണെന്ന് ഓർക്കണം. ഒറ്റവർഷം കൊണ്ട് 193 ആനുപാതിക വർദ്ധനയാണ് കൊച്ചിയിൽ മാത്രം കുറ്റകൃത്യങ്ങളിൽ ഉണ്ടായത്. സൈബർ കുറ്റകൃത്യങ്ങളിൽ 350 ആനുപാതിക വർദ്ധനയുണ്ടായപ്പോൾ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള പീഡനത്തിൽ സംസ്ഥാനങ്ങളിൽ റെക്കോഡ് വളർച്ചയാണ് കേരളത്തിലുണ്ടായത്. സ്ത്രീകൾക്കു സുരക്ഷിതത്വം ഇല്ലാത്ത നാടെന്ന കുപ്രസിദ്ധിയും നമുക്കു സ്വന്തം. മദ്യപാനത്തിലും മയക്കുമരുന്നിന്റെ ഉപയോഗത്തിലും ഭയാനകമായ വർദ്ധനയാണ് ഒരോ വർഷവും രേഖപ്പെടുത്തുന്നത്.

ഈ സാഹചര്യത്തിലാണ് യേശുസാഹോദര്യകൂട്ടായ്മയുടെ പ്രസക്തി. ജീസസ്സ് ഫ്രട്ടേണിറ്റി തടവറകളിൽ ശുശ്രൂഷചെയ്യുന്ന ഒരു കൂട്ടായ്മയാണ്. കഴിഞ്ഞ 28 വർഷങ്ങളായി കേരളത്തിലെ ജയിലുകൾ സന്ദർശിക്കുകയും തടവറയിലെ സഹോദരങ്ങൾക്ക് ഭാവാത്മകമായ ചിന്തകളിലൂടെയും ക്ലാസുകളിലൂടെയും, കൗൺസലിംഗുകളിലൂടെയും

ശരിയായ ജീവിതദർശനം പകർന്നു നൽകി സദ്ചിന്തകളാൽ അവരുടെ മനസ്സിനെ നിറയ്ക്കുന്നതിൽ ഈ കൂട്ടായ്മ ബദ്ധശ്രദ്ധമാണ്. കേരള കത്തോലിക്കാമെത്രാൻസമിതിയുടെ ജസ്റ്റീസ് പീസ് ആന്റ് ഡിവലപ്പ് മെന്റ് എന്ന കമ്മീഷന്റെ കീഴിൽ ഒരു ഡിപ്പാർട്ട്മെന്റായി ജീസസ്സ് ഫ്രട്ടേ ണിറ്റി പ്രവർത്തിക്കുന്നു. ജയിലുകൾ സന്ദർശിക്കുക മാത്രമല്ല, തടവറ യിലെ സഹോദരരുടെ ഭവനങ്ങൾ സന്ദർശിക്കുകയും കുടുംബങ്ങൾ ക്ക് ആശ്വാസമേകുകയും അവരുടെ മക്കളെ ജീസസ്സ് ഫ്രട്ടേണിറ്റിയുടെ പുനരധി വാസകേന്ദ്രങ്ങളിൽ താമസിപ്പിച്ച് പഠിപ്പിക്കുകയും വിവാഹ പ്രായമെത്തിയവരെ വിവാഹം കഴിപ്പിച്ചയയ്ക്കാൻ സഹായിക്കുകയും ചെയ്യുക എന്നതെല്ലാം ഈ കൂട്ടായ്മ കഴിഞ്ഞ 28 വർഷമായി ചെയ്തു കൊണ്ടിരിക്കുന്ന കാര്യങ്ങളാണ്.

13 പുനരധിവാസകേന്ദ്രങ്ങൾ ജീസസ്സ് ഫ്രട്ടേണിറ്റിക്കുണ്ട്. മൂന്ന് എണ്ണംവീതം പുരുഷന്മാർക്കും സ്ത്രീകൾക്കും വേണ്ടിയും ബാക്കി 7 എണ്ണം കുട്ടികൾക്ക് വേണ്ടിയുമാണ്. തടവറയിൽ നിന്നിറങ്ങുന്നവരെ പുനരധിവസിപ്പിക്കാനുള്ള കേന്ദ്രങ്ങൾ ഇന്ത്യയിൽതന്നെ യേശു സാഹോദര്യകൂട്ടായ്മയ്ക്ക് മാത്രമാണുള്ളത്. അനേകം തടവറക്കാരെ പുനരധിവസിപ്പിക്കാനും സാധാരണജീവിതത്തിലേക്ക് കൊണ്ടുവരാ നും യേശുസാഹോദര്യ കൂട്ടായ്മയ്ക്ക് സാധിച്ചിട്ടുണ്ട്. തൃശ്ശൂർ വെട്ടു കാട്ടിൽ പുരുഷന്മാർക്കുള്ള കേന്ദ്രവും തിരുവനന്തപുരം മൺവിളയിൽ സ്ത്രീകൾക്കുള്ള കേന്ദ്രവും യേശുസാഹോദര്യത്തിന്റെ നേരിട്ടുള്ള സംരക്ഷണയിലും നിയന്ത്രണത്തിലുമാണ്. 1990-ൽ ആരംഭിച്ച ഈ പുനരധിവാസകേന്ദ്രങ്ങളിൽനിന്ന് നൂറിലധികം പെൺകുട്ടികളെ നാളി തുവരെ വിവാഹം കഴിപ്പിച്ച് അയച്ചിട്ടുണ്ട്. 500-ൽ പരം കുടുംബങ്ങൾ പുനരധിവസിപ്പിക്കപ്പെട്ടു. അവരുടെ കൂട്ടായ്മകൾ വിളിച്ചുചേർ ക്കുകയും അവരുടെ മക്കൾക്കായി എല്ലാവർഷവും ക്യാമ്പുകൾ സംഘ ടിപ്പിച്ച് പഠനോപകരണങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കേരളത്തി ലെ തടവറകളിലെ ജീസസ്സ് ഫ്രട്ടേണിറ്റിയുടെ പ്രവർത്തനങ്ങൾക്ക് അംഗീകാരമെന്നോണം ജയിൽ വകുപ്പ് എല്ലാ ജയിലുകളും സന്ദർ ശിക്കാൻ ഈ കൂട്ടായ്മയ്ക്ക് മാത്രം ഒരു പൊതു അംഗീകാരം നല്കി യിട്ടുണ്ട്.



കേരളത്തിലെ 31 രൂപതകളിലും ഡയറക്ടർ അച്ചന്മാരുടെ നേതൃ ത്വത്തിൽ 46 ഓളം യൂണിറ്റുകളിലായി 1000-ത്തിൽ പരം വോളണ്ടി യർമാർ പ്രത്യക്ഷമായും പരോക്ഷമായും ഈ ശുശ്രൂഷയിൽ പങ്കു ചേരുന്നു. കേരളത്തിലെ എല്ലാ രൂപതകളിലും മേജർ സെമിനാരിക ളിലും ജീസസ് ഫ്രട്ടേണിറ്റി യൂണിറ്റുകൾ ഭംഗിയായി പ്രവർത്തിക്കു ന്നുണ്ട്. സെമിനാരിക്കാർ ഈ രംഗത്ത് ചെയ്യുന്ന ശുശ്രൂഷ സ്തുത്യർഹ മാണ്. അനേകം അല്മായരും സിസ്റ്റേഴ്സും ഈ പ്രവർത്തനത്തിൽ പങ്കുചേരുന്നു. അവർക്കെല്ലാം ഹൃദയപൂർവകമായ അനുമോദനങ്ങളും നന്ദിയും അർപ്പിക്കട്ടെ.

കൂടുതൽ ആളുകൾ ഈ രംഗത്തേക്ക് കടന്നുവരണമെന്ന് അഭ്യർ ത്ഥിക്കുന്നു. തടവറ പ്രേഷിതദിനത്തിൽ ഇടവകയിൽ ശേഖരിക്കുന്ന പിരിവുകൊണ്ടാണ് ജീസസ് ഫ്രട്ടേണിറ്റിയുടെ ബഹുമുഖപ്രവർത്തന ങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നത്. ഈ വർഷവും ആ പിരിവ് നടത്തി പി.ഒ.സി.യിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റി ഓഫീസിലേക്ക് അയച്ചുകൊടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. എല്ലാവരു ടെയും ഔദാര്യപൂർണമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകു മല്ലോ. ജീസസ് ഫ്രട്ടേണിറ്റിക്ക് എല്ലാവിധ നന്മകളും നേരുന്നതോ ടൊപ്പം ആഗതമാകുന്ന ഭാരതസ്വാതന്ത്ര്യദിനം നമ്മെ യഥാർത്ഥ സ്വാത ന്ത്ര്യത്തിലേക്കും നന്മയിലേക്കും നയിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

ജീസസ്സ് ഫ്രട്ടേണിറ്റിക്കുവേണ്ടി,

**ആർച്ചുബിഷപ് തോമസ് മാർ കൂറിലോസ്**
ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റീസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ

**ബിഷപ്പ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റീസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ

**ബിഷപ്പ് മാർ ജോർജ് മാത്തിക്കണ്ടത്തിൽ**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ജസ്റ്റീസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ

Ref: 2866/K-5/KCBC/OL/DS 13. 1.7.2015

# ജസ്റ്റീസ് സൺഡേ 2015

## ആഗസ്റ്റ് 16, ഞായർ

## കെസിബിസി SC/ST/BC കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

**കേരള നിയമസഭ ദലിത് ക്രൈസ്തവർക്കു ഭരണഘടന വിഭാവന ചെയ്തിട്ടുള്ള അവകാശങ്ങൾ നല്കുന്നതിനുള്ള പ്രമേയം പാസാക്കണം.**

യേശുക്രിസ്തുവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

"നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാൻമാർ.... അവർക്കു സംതൃപ്തി ലഭിക്കും. നീതിക്കുവേണ്ടി പീഡനം ഏൽക്കുന്നവർ ഭാഗ്യവാൻമാർ....അവർ ദൈവപുത്രന്മാരെന്ന് വിളിക്കപ്പെടും" (മത്തായി 5:6-9).

നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും പീഡനങ്ങൾ സഹിക്കുകയും ചെയ്യുകയാണ് ഭാരതത്തിലെ ദലിത് ക്രൈസ്തവസമൂഹം. പിറന്ന മണ്ണിൽ സഹോദരതുല്യം ജീവിക്കാനുള്ള നീതി നിഷേധിക്കപ്പെട്ട അവസ്ഥ തുടരുന്നു. ഭരണഘടന ഉറപ്പുതരുന്ന അവസരസമത്വവും തുല്യപരിഗണനയും ക്രിസ്തുമതം സ്വീകരിച്ചതിന്റെ പേരിൽ ലഭിക്കാതെ പോകുന്നു. അർഹമായ വിദ്യാഭ്യാസവും തൊഴിലും ആനുകൂല്യങ്ങളും ഭരണകാര്യങ്ങളിൽ പങ്കാളിത്തവും നിഷേധിക്കപ്പെടുന്നു. ഈ പ്രത്യേക പശ്ചാത്തലത്തിലാണ് ഈ വർഷം ആഗസ്റ്റ് 16-ാം തീയതി "നീതിഞായർ" ആചരിക്കുന്നത്. തികച്ചും പ്രതികൂലസാഹചര്യങ്ങളിലും തങ്ങൾക്ക് ലഭിച്ച വിശ്വാസത്തെ ദൈവത്തിന്റെ ദാനമായും സമ്പത്തായും കരുതി പ്രത്യാശയോടെ നീതിക്കുവേണ്ടി പോരാടുന്ന ദലിത് ക്രൈസ്തവരോടുള്ള ഐക്യദാർഢ്യം ഭാരതസഭ പ്രഖ്യാപിക്കുന്ന ദിവസവുമാണ് "നീതിഞായർ."

ഗോത്രവർഗങ്ങളെപ്പോലെ മതവ്യത്യാസമില്ലാതെ എല്ലാ ദലിത് വിഭാഗങ്ങളും സ്വതന്ത്രഭാരതത്തിൽ തുല്യമായ സംവരണാനുകൂല്യങ്ങൾ അനുഭവിച്ചിരുന്നു. എന്നാൽ 1950 ആഗസ്റ്റ് 10-ന് രാഷ്ട്രപതിയുടെ ഉത്തരവിലൂടെ ഹിന്ദുക്കളല്ലാത്ത ദലിതരെയെല്ലാം സംവരണത്തിനായുള്ള പട്ടികയിൽനിന്ന് ഒഴിവാക്കി. ഭരണഘടനാവിരുദ്ധമായ പ്രസ്തുത ഉത്തരവിനെതിരെ അന്നുമുതൽ സമരങ്ങളും പ്രക്ഷോഭങ്ങളും ആരംഭിച്ചു. 1956-ൽ സിക്കുമതക്കാരായ ദലിതരെയും 1990-ൽ



ബുദ്ധമതക്കാരായ ദലിതരെയും സംവരണപട്ടികയിൽ വീണ്ടും ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ നല്കിവരുന്നു. ക്രൈസ്തവരും മുസ്ലീമുകളും ഇന്നും സംവരണ പട്ടികയിൽ നിന്നും പുറത്താണ്. മുസ്ലീമുകൾക്കുവേണ്ടി കേന്ദ്രസർക്കാർ നിയമിച്ച സച്ചാർ കമ്മിറ്റി നല്കിയ നിർദ്ദേശങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതിനാൽ അവരുടെ ജീവിതനിലവാരം കുറച്ചൊക്കെ മെച്ചപ്പെട്ടുവരുന്നു. ദലിത് ക്രൈസ്തവർക്കുവേണ്ടി രംഗനാഥമിശ്ര കമ്മിഷൻ സമർപ്പിച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ മുൻ സർക്കാരും ഇപ്പോഴത്തെ സർക്കാരും തയ്യാറായിട്ടില്ല. അതു നടപ്പിലാക്കണമെന്ന് പറയാൻ രാഷ്ട്രീയകക്ഷികൾ മടിക്കുകയാണ്. സുപ്രീം കോടതിയിൽ ദലിത് ക്രൈസ്തവർ നടത്തിവരുന്ന കേസുമായി ബന്ധപ്പെട്ട് സർക്കാർ അടിയന്തരമായി നല്കേണ്ട മറുപടി പോലും നല്കിയിട്ടില്ല.

ദലിത് ക്രൈസ്തവർക്ക് ഭരണഘടന അനുശാസിക്കുന്ന സംവരണാനുകൂല്യങ്ങൾ നല്കണമെന്ന് തമിഴ്നാട് നിയമസഭ ഏകകണ്ഠേന പ്രമേയം പാസാക്കിയിട്ടും രാഷട്രീയപ്രബുദ്ധത അവകാശപ്പെടുന്ന കേരളനിയമസഭയ്ക്ക് ഒരു പ്രമേയം പാസാക്കാൻ സാധിച്ചിട്ടുമില്ല. ദലിത് ക്രൈസ്തവരുടെ ഉന്നമനത്തിനായി സ്ഥാപിതമായിരിക്കുന്ന പരിവർത്തിത ശുഭാർശിത വികസന കോർപ്പറേഷന് അർഹിക്കുന്ന ഫണ്ട് നീക്കിവയ്ക്കാൻ കേരളത്തിലെ ധനകാര്യവകുപ്പിനും സാധിക്കാതെ പോകുന്നു. ഇങ്ങനെയുള്ള അതിദാരുണമായ സാഹചര്യങ്ങൾ എല്ലാക്കാലത്തും ദലിത് ക്രൈസ്തവസമൂഹം അനുഭവിക്കുന്നു. അതുകൊണ്ടാണ് ദലിത് ക്രൈസ്തവരുടെ ന്യായമായ അവകാശങ്ങൾ നേടിയെടുക്കുന്നതിനും ഈ സമൂഹത്തിന്റെ പ്രശ്നങ്ങൾ പൊതുസമൂഹത്തിനെ അറിയിക്കുന്നതിനുമായി സ്വാതന്ത്ര്യദിനം കഴിഞ്ഞുവരുന്ന ഞായർ "നീതിഞായറാ"യി ആചരിക്കാൻ ഭാരത കത്തോലിക്കാ മെത്രാൻ സമിതി 1986-ൽ തീരുമാനമെടുത്തത്. ദലിത് ക്രൈസ്തവരുടെ ഭരണഘടനാപരമായ അവകാശം നേടിയെടുക്കാൻ നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം. ദൈവം ഏവരേയും അനുഗ്രഹിക്കട്ടെ!

**ബിഷപ്പ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ
**ബിഷപ്പ് ഫിലിപ്പോസ് മാർ സ്റ്റെഫാനോസ്**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ
**ബിഷപ്പ് മാർ ജേക്കബ് മുരിക്കൻ**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**പ്രത്യേക ശ്രദ്ധയ്ക്ക്:**

**1.** "നീതിഞ്ഞായർ ആചരണം" ഓരോ രൂപതയിലേയും ഡി.സി.എം.എസ്-ന്റെ നേതൃത്വത്തിൽ ഇടവക-ഫെറോനാ- രൂപതാതലത്തിൽ ആചരിക്കേണ്ടതാണ്. നീതിഞ്ഞായർ സഭയുടെ ആചരണത്തിന്റെ ഭാഗമായതുകൊണ്ടു തന്നെ എല്ലാ സംഘടനകളും സജ്ജീവമായി പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നീതിഞ്ഞായർ ആചരണത്തെക്കുറിച്ചുള്ള റിപ്പോർട്ട് സംസ്ഥാനഡയക്ടറുടെ പേരിൽ അയച്ചുകൊടുക്കേണ്ടതാണ്.

**2.** "നീതിഞ്ഞായറി"നോട് അനുബന്ധിച്ച് സംസ്ഥാനതലത്തിൽ നാം ഡി.സി.എം.എസ് പ്രതിനിധി സമ്മേളനം ആഗസ്റ്റ് 29-ാംതീയതി തിരുവനന്തപുരത്തു വച്ച് നടത്തുകയാണ്. അതിനെ സംബന്ധിച്ച വിശദമായ അറിയിപ്പുകൾ നിങ്ങൾക്ക് നല്കുന്നതായിരിക്കും.

**3.** കേരള മെത്രാൻ സമിതിയുടെ തീരുമാനമനുസരിച്ച് "നീതിഞ്ഞായർ" കേരളത്തിലെ എല്ലാ ഇടവകകളിലും കാണിക്ക (സ്തോത്രക്കാഴ്ച) സ്വീകരിക്കേണ്ടതും ലഭിക്കുന്ന കാണിക്ക മുഴുവനും അതാതു രൂപതകളിലെ പ്രൊക്കുറേറ്ററെ ഏല്പിക്കേണ്ടതും രൂപതാധ്യക്ഷന്റെ അറിവോടെ പ്രൊക്കുറേറ്റർ Chairman, KCBCSC/ST/BC Commission, Bishop's House, Punalur-691322, Kollam എന്ന വിലാസത്തിൽ ഇടവകകളിൽ നിന്നും ലഭിക്കുന്ന തുകയുടെ ചെക്ക് അയച്ചുതരുകയും ചെയ്യേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന തുകയിൽ നിന്നാണ് നാം ദലിത് വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായം നല്കുന്നത്.

4. കഴിഞ്ഞ ഒന്നരവർഷമായി ഡി.സി.എം.എസ്സിന്റെ ഡയറക്ടറായിരുന്ന ബഹുമാനപ്പെട്ട ജോസഫ് കുറ്റിക്കാട്ടിൽ (വിജയപുരം രൂപത) അച്ചൻ വിരമിച്ചതിനെ തുടർന്നു ബഹുമാനപ്പെട്ട ഷാജ്കുമാർ (നെയ്യാറ്റിൻകര രൂപത, ഫോൺ: 9496334466) അച്ചനെ ഡി.സി.എം.എസ്സ്-ന്റെ ഡയറക്ടറായി കേരള കത്തോലിക്കാ മെത്രാൻ സമിതി നിയമിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട ജോസഫ് കുറ്റിക്കാട്ടിലച്ചന് നന്ദി പറയുന്നതോടൊപ്പം ബഹുമാനപ്പെട്ട ഷാജ്കുമാർ അച്ചനോട് ഏവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

5. ഈ സർക്കുലർ ആഗസ്റ്റ് 16-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും, അന്നേദിവസം ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിച്ച് ജനങ്ങളെ "നീതിഞ്ഞായർ" ആഘോഷത്തിന് ഒരുക്കുന്നതു ഉചിതമായിരിക്കും. ബി.സി.സി. തലങ്ങളിൽ ദലിത് ക്രൈസ്തവർ ഇന്നനുഭവിക്കുന്ന സാമൂഹിക പ്രശ്നങ്ങളെക്കുറിച്ച് പഠനശിബിരങ്ങൾ സംഘടിപ്പിക്കുന്നതും ഉചിതമായിരിക്കും.



# രൂപതക്കച്ചേരി

### *C. 74 /2015* സമർപ്പിത ദിനാചരണവും സമർപ്പിത സംഗമവും

സമർപ്പിത വർഷാചരണത്തിന്റെ ഭാഗമായി കോതമംഗലം രൂപതയിലെ എല്ലാ സമർപ്പിതരെയും ഒരുമിച്ചുകൂട്ടി 2015 ഒക്ടോബർ മാസം 22-ാം തീയതി വ്യാഴാഴ്ച സെന്റ് ജോർജ് കത്തീഡ്രലിൽ രാവിലെ 9.00 മുതൽ വൈകിട്ട് 4.00 വരെ സമർപ്പിത സംഗമം നടത്തുകയാണ്. രൂപതയ്ക്കുള്ളിൽ ശുശ്രൂഷ ചെയ്യുന്ന ബഹു. സിസ്റ്റേഴ്സിനെയും സന്യസ്ത വൈദികരെയും ഈ സ്നേഹസംഗമത്തിലേക്ക് ഹൃദയപൂർവം ക്ഷണിക്കുന്നു.

*Bishop*

### *C.75/2015* New Appointment

Vice Chancellor - Rev. Fr. Mathew Thozhalay

*Bishop*

### *C. 76/2015* ജസ്റ്റീസ് സൺഡേ – ആഗസ്റ്റ് 16

2015 ആഗസ്റ്റ് 16-ാം തീയതി ജസ്റ്റീസ് സൺഡേയായി ആചരിക്കുന്നു. നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും സാമൂഹ്യനീതിയെക്കുറിച്ച് ജനങ്ങളെ പ്രബുദ്ധരാക്കാൻ ഉതകുന്ന പ്രബോധനങ്ങളും ചർച്ചാക്ലാസ്സുകളും നടത്താൻ ശ്രദ്ധിക്കുമല്ലോ. ആ ദിവസമോ അതു കഴിഞ്ഞു വരുന്ന ഞായറാഴ്ചയോ ഈ നിയോഗപ്രകാരം പ്രത്യേക പിരിവ് നടത്തി കിട്ടുന്ന തുക രൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏല്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

*Syncellus*

### *C.77/2015* Monthly Recollection for Priests:

### *Topic for discussion in August*

Read in common Nos. 441- 451of the Catechism of the Catholic Church.

*Syncellus*

### *C. 78/2015* Young Priests' Seminar

Annual seminar for the young priests of the Eparchy ordained after 31-01-2009 will be conducted on August 11, 12, 2015 at NESTT Muvattupuzha. The seminar begins at 9.30 am on Tuesday and comes to an end by 4.30 pm on Wednesday. All are expected to participate without fail.

*Syncellus*

*C. 79/2015* **Annual Retreat for Priests**

The list of the participants in each batch is given below. Please do not make changes from one batch to the other unless for some serious reasons. In case of change, please do it with mutual arrangement with one in the other batch and inform the Eparchial Curia in due time. Those who seek exemption from the common retreat owing to some grave reason are to get it in writing from the Curia.

The Rev. Fathers are to fulfil the following Mass intentions and report to the Curia before the 31st of December 2015.

1 For the Priests of the Eparchy-1

2 *Ad intentionem episcopi* (stipend to be used for charitable purposes) -4

3 *Ad intentionem episcopi* (stipend to be used to meet the expenses of the retreat)-5

N.B. The Mass intentions Nos. 1 and 2 are to be fulfilled by all while those in No. 3 only by those who take part in the common retreat. The presbyters who participate in the retreat are to bring with them their Mass Account, and Confession Patent.

All the faithful in the Eparchy have the duty to pray for the presbyters who participate in the retreat. The parish priests may remind the faithful that the Eparchial Curia is closed during the common retreat.

**FIRST BATCH**

Venue: NESTT, Muvattupuzha

**Time: From Sunday, 13 September to Friday, 18 September**

Retreat Preacher : Rev. Fr. Jose Mulangattil MCBS

1. Adapoor Joseph
2. Aikaramattam James
3. Arackal James
4. Arackal Joseph
5. Areekatt Mathew
6. Arolichalil Sebastian
7. Athickal Francis
8. Athickal Mathew
9. Chamakalayil Mathew
10. Chatholil John
11. Chemparathy George
12. Cherkottu Thomas
13. Chettoor George
14. Choorathotty James
15. Edathotty Paul
16. Elanjedath John
17. Ezhanikatt James
18. Ezhumayil Joseph
19. Kadambanat Sebastian
20. Kadukummakal George
21. Kakkuzhy James



22. Kalapurayil James
23. Kallarackal John
24. Kallumkal Sebastian
25. Kandathinkara Joseph
26. Kanjirakombil George
27. Kannadan Francis
28. Kannathukuzhy Joseph
29. Kapiarumala Thomas
30. Karakombil Paul
31. Karakunnel George
32. Kavumpuram Joseph
33. Kizhakedath Mathew
34. Kochumundanmalayil Mathew
35. Kochumuttam John
36. Kochuparambil George
37. Kochupurackal Mathew (Sr.)
38. Kodamullil Cyriac
39. Kodiammanal John
40. Koickakudy Joseph Cherian
41. Konickal Mathew
42. Koonanickal Joseph (Jr)
43. Kottackal Antony
44. Kottarathil Thomas
45. Kottoor Jose
46. Kunnamkott George
47. Kunnappillil Mathew
48. Kunnath Mathew
49. Kurianal Emmanuel
50. Kurianal James
51. Kurisummoottil George
52. Kuttiyara John
53. Kuzhikanniyil Joseph
54. Mailadiath Jose
55. Malekandathil Pius
56. Maleparambil George
57. Malieckal Mathews
58. Mandapathil Varkey
59. Mannathukaran Jacob
60. Mattappillil John
61. Moorkattil Jose
62. Mulanjanany Joseph
63. Mundackal George
64. Mundackal Joseph (Sr.)
65. Mundackal Mathew (Jr.)
66. Mundackal Thomas
67. Mundolickal James
68. Muringamattam John
69. Namattathil Sebastian
70. Nandalath Francis
71. Nedumpurath Paul
72. Nedumthadathil Paulose
73. Nellikunnel Joseph
74. Niravath Joseph
75. Njaloor Cyriac
76. Oliapuram Mgr. George
77. Onelil John
78. Oroplackal Johnson
79. Padijarekutt Augustine
80. Pallikunnel Georgy
81. Panackal Thomas
82. Pannarakunnel Sebastian
83. Parankimyalil George
84. Parayil Joseph
85. Pazhayapeedikayil Johnson
86. Peechatt Emmanuel
87. Peringarapillil Sotter
88. Perumpanani Abraham
89. Pichappillil John
90. Pinakattu Joseph
91. Pittappillil Mathew
92. Ponneth Joseph
93. Poonat Manuel
94. Pothanamuzhi Mathew
95. Pottackal George
96. Pulickal Joseph (Jr)
97. Pulimalayil Antony
98. Pullan George
99. Pulloppillil Jose
100. Pulparambil Jose
101. Pulprayil Stanley
102. Puthenkulam Antony
103. Rathappillil Jacob
104. Thadikkatt George
105. Thayyil James

106. Thekkeattath George
107. Thekkekara George
108. Thekkekara Mathew (Jr.)
109. Thevarpadam Mathews
110. Thottathimyalil John
111. Thudianplackal Zacharias
112. Vadakel George
113. Vadakkumpadam Mathew
114. Valiamattam Mathew
115. Valloppillil Sebastian
116. Varicatt Cherian
117. Vattakuzhy Emmanuel
118. Vattappallil Jacob
119. Vellankal Mgr. Mathew
120. Velliamthadam Joseph
121. Vettikuzha Thomas

**SECOND BATCH**

Venue: NESTT, Muvattupuzha

**Time: From Sunday, 20 Sept. to Friday, 25 Sept.**

Retreat Preacher : Rev. Fr. Jose Mulangattil MCBS

1. Alappatt Francis
2. Anikottil John
3. Arackal Jose
4. Ariappillil Emmanuel
5. Athickal Joseph
6. Athickal Pius
7. Avarapatt Paul
8. Chandrankunnel Mathew
9. Cheripuram Abraham
10. Cheruparambil Thomas
11. Choorathotty Paul
12. Edattu Mathews
13. Ezhanikatt Mathew
14. Inchaplackal Paul
15. Kachiramattam Kuriakose
16. Kadavan John
17. Kadukamakal Joseph
18. Kakanatt Mathew
19. Kalapurackal Jacob
20. Kalapurackal Jose
21. Kalariparambil Thomas
22. Kallarackal Joseph
23. Kallarackal Thomas
24. Kandathil Joseph
25. Kanimattathil Sebastian
26. Kanjirakombil Mgr.Cherian
27. Kannamkulam Thomas
28. Kapiarumala George
29. Karakombil James
30. Kariamadam Mgr. George
31. Karikunnel Francis
32. Keerampara Francis
33. Keethappilly Joseph
34. Kizhakedath Peter
35. Kizhakel Jose
36. Kochuparambil Joseph (Sr.)
37. Kochuparambil Joseph (Jr.)
38. Kochupurackal Mathew (Jr.)
39. Kodakallil Kuriakose
40. Kodamullil Jose
41. Kodamullil Paul
42. Koickakudy Joseph
43. Koithanath Joseph
44. Koonanickal Jose
45. Koottumkal Joseph
46. Kulathoor Jose
47. Kunnamkulathil Emmanuel
48. Kunnappilly Augustine
49. Kunnel Stanislaus
50. Kurukoor George
51. Kuzhinjalil Thomas
52. Madathiparambil Francis
53. Mailackachalil Paul
54. Makolil Joseph
55. Malekudy Thomas
56. Maliyeckal Antony



57. Marappillil George
58. Monippilly Jose
59. Moolasseril Nicholas
60. Mulanjanany George
61. Mundackal John
62. Mundackal Joseph (Jr.)
63. Mundackal Mathew (Sr.)
64. Mundackal Mathew M.
65. Mundunadayil Joseph
66. Muttathuvalayil Joseph
67. Nampiaparambil Francis
68. Nampiaparambil Joseph
69. Nandalath Mathews
70. Nedumkallel George
71. Nedumpuram Joseph
72. Nedungatt Vincent
73. Neerampuzha Jose
74. Nirappath George
75. Niravathinal Abraham
76. Njaloor Joseph
77. Njaralakatt Luke
78. Oliapuram George (Sr.)
79. Ovelil Antony
80. Padinjattuvayalil John
81. Palamattam Mgr. Mathew
82. Panachickal James
83. Parathazham Paul
84. Parayannilam Joseph
85. Parayidom Thomas
86. Peechatt Jose
87. Periapuram Thomas
88. Pichalakatt Manual
89. Pittappillil Francis
90. Pittappilly Thomas
91. Poonat Mathew
92. Poovathumkal Thomas
93. Pothanamuzhi Thomas
94. Pothoor Jose
95. Pulickal Joseph (Sr)
96. Pulpra George
97. Punnamattathil Scaria
98. Puthiyedath Jacob
99. Thachil George
100. Thalappillil Jacob
101. Thanathuparambil George
102. Thekkekara Mathew (Sr.)
103. Thekkumkattil Mathew
104. Thottathimyalil Mathew
105. Thozhalay Mathew
106. Thuruthipillil Sebastian
107. Vadakekudy James
108. Vadakel James
109. Vadakumparampil Jacob
110. Valiyathazhath Sebastian
111. Vallomkunnel George
112. Vandanakkara George
113. Vararappillil James
114. Vattakatt Augustine
115. Vattakuzhy Jose
116. Vattathottathil Thomas
117. Vellaramkattil Xavier
118. Vembilly James
119. Vengooran Jose
120. Vilangupara Paul

*Syncellus*

## മൈനർ സെമിനാരി

*MS 24 /2015* **ദുക്റാനതിരുനാൾ**

ഈ വർഷത്തെ ദുക്റാന തിരുനാൾ മൈനർ സെമിനാരിയിൽ

സമുചിതമായി ആഘോഷിച്ചു. ബഹു. ജെയിംസ് കളപ്പുരയിലച്ചൻ ആഘോഷമായ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. വൈകുന്നേരം നടന്ന സമ്മേളനത്തിൽ ഈ വർഷം പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷിക്കുന്ന ബഹു. തോമസ് മലേക്കുടിയച്ചൻ അദ്ധ്യക്ഷത വഹിച്ചു. ബ്ര. ജോസഫ് പുളിക്കക്കണ്ടവും ബ്ര. കുരുവിള പോത്താനിക്കാട്ടും വിശുദ്ധന്റെ പുണ്യപാതയെപ്പറ്റി സംസാരിക്കുകയും ബഹു. മലേക്കുടിയച്ചന് ജൂബിലി ആശംസകൾ നേരുകയും ചെയ്തു. സെമിനാരി ഗായകസംഘത്തിന്റെ സമൂഹഗാനവും ബ്ര. ജോസഫ് കളരിക്കൽ ആലപിച്ച ലളിതഗാനവും ആസ്വാദ്യകരമായിരുന്നു. ബ്ര. സെബാസ്റ്റ്യൻ വെള്ളാപ്പിള്ളി സ്വാഗതം ആശംസിക്കുകയും ബ്ര. മാത്യു തുമ്പനിരപ്പേൽ നന്ദി അർപ്പിക്കുകയും ചെയ്തു. തുടർന്നു നടന്ന 'സ്വപ്നങ്ങളുടെ തോഴൻ' എന്ന് നാടകത്തിലൂടെ വിശുദ്ധന്റെ ജീവചരിത്രം പുനരാവിഷ്കരിച്ചത് ഏറെ ആസ്വാദ്യകരമായി.

### *MS 25 /2015* ബർക്കുമൻസ് മീറ്റ്

അൾത്താരശുശ്രൂഷകർക്കായി "ബർക്കുമൻസ് മീറ്റ് - 15" എന്ന പേരിൽ രൂപതയെ മൂന്നു റീജിയണുകളായി തിരിച്ച് ഒരു ഏകദിന പരിശീലന സെമിനാർ നടത്തുന്നു. ആഗസ്റ്റ് 1 ശനിയാഴ്ച കോതമംഗലം കത്തീഡ്രലിലും മൂവാറ്റുപുഴ നിർമ്മല സ്കൂളിലും ആഗസ്റ്റ് 14 വെള്ളിയാഴ്ച തൊടുപുഴ സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിലും വച്ച് ബർക്കുമൻസ് മീറ്റ് സംഘടിപ്പിക്കപ്പെടുന്നു. വിശുദ്ധ കുർബാനയിലുള്ള ശുശ്രൂഷികളുടെ സജീവപങ്കാളിത്തവും അവരുടെ വ്യക്തിത്വവികസനവും പഠനമികവും ലക്ഷ്യമാക്കുന്ന ഈ സെമിനാർ ദൈവവിളിയുടെ മാഹാത്മ്യത്തെക്കുറിച്ച് അൾത്താരശുശ്രൂഷകരെ ബോധവാന്മാരാക്കുന്നതിനും സഹായകരമായിരിക്കും. അതിനാൽ ഇടവകയിലെ മുഴുവൻ അൾത്താരശുശ്രൂഷകരും ഈ സെമിനാറിൽ പങ്കെടുക്കുന്നത് നന്നായിരിക്കും. ബഹു. വികാരിയച്ചന്മാർ അൾത്താരശുശ്രൂഷകരെ ഈ സെമിനാറിന് പറഞ്ഞയയ്ക്കുമല്ലോ.

NB. ★ Registration Fee ഉണ്ടായിരിക്കുന്നതല്ല.

★ ഉച്ചഭക്ഷണം നൽകുന്നതാണ്.

★ കുട്ടികൾ നോട്ട്ബുക്ക്, പേന എന്നിവ കൊണ്ടുവരേണ്ടതാണ്.

★ ഓരോ റീജിയണുകളിലും പങ്കെടുക്കേണ്ട ഫൊറോനകൾ:

തൊടുപുഴ : **തൊടുപുഴ, കരിമണ്ണൂർ, കാളിയാർ, മുതലക്കോടം, മാറിക, മൈലക്കൊമ്പ്**

കോതമംഗലം : **കോതമംഗലം, ഊന്നുകൽ, പൈങ്ങോട്ടൂർ**

മൂവാറ്റുപുഴ : **മൂവാറ്റുപുഴ, വാഴക്കുളം, ആരക്കുഴ**



### *MS 26 /2015* സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ

| | | |
|---|---|---|
| 1 | Joseph Kannamkulam, Alakode | 5000 |
